# ഖുർആനിലെ നിയമങ്ങൾ

ഒ. അബ്ദുർറഹ്മാൻ

സമഗ്രജീവിതസ്പർശിയായ വിശുദ്ധഖുർആൻ വിശ്വാസപരവും അഭൗതികവും ആത്മീയവുമായ വിഷയങ്ങളോടൊപ്പം ചരിത്രം, രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, നിയമം തുടങ്ങിയ ശീർഷകങ്ങളിൽ വേർതിരിക്കാവുന്ന കാര്യങ്ങൾ കൂടി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, ഖുർആൻ ഒരു പ്രാർഥനാഗ്രന്ഥമോ കീർത്തനസമാഹാരമോ അല്ലാത്തതുപോലെ ചരിത്രകൃതിയോ രാഷ്ട്രീയപുസ്തകമോ നിയമസംഹിതയോ അല്ല. ഏകദൈവത്വം, പ്രവാചകത്വം, മരണാനന്തരജീവിതം എന്നീ തത്ത്വങ്ങളിലൂന്നി മനുഷ്യജീവിതത്തിന് സ്പഷ്ടമായ ദിശാബോധം നൽകുന്ന ഖുർആൻ ഭൗതികജീവിതത്തെ തദനുസൃതമായി ക്രമപ്പെടുത്താൻ അനുപേക്ഷ്യമായ രാഷ്ട്രീയവും ഭരണപരവും സാമൂഹികവുമായ ഉപദേശങ്ങളും നിർദേശങ്ങളും നിയമങ്ങളുമാണ് അവതരിപ്പിക്കുന്നത്. മാനസിക സംസ്കരണത്തിലൂടെ വ്യക്തിത്വവികാസം, വ്യക്തിത്വവികാസത്തിലൂടെ സാമൂഹികപരിഷ്കാരം, സാമൂഹികപരിഷ്കാരത്തിലൂടെ രാഷ്ട്രസംവിധാനം എന്ന ക്രമമാണ് ഖുർആൻ സ്വീകരിച്ചിട്ടുള്ളതെന്നു കാണാം. ഈ പ്രക്രിയ വിജയിപ്പിക്കാൻ ആവശ്യമായ നിർദേശങ്ങളും നിയമങ്ങളും ഖുർആൻ പ്രതിപാദിച്ചപ്പോൾ അതിശക്തമായ ഊന്നൽനൽകിയത് നിയമങ്ങളുടെ ധാർമികപ്രചോദനത്തിനാണ്. ദൈവത്തിന്റെ അപ്രീതിയും മരണാനന്തരജീവിതത്തിലെ ശിക്ഷയും ഭയന്നും മനുഷ്യനെ സ്നേഹിച്ചും വേണം വിശ്വാസി ചുമതലകൾ നിറവേറ്റാൻ, പാപങ്ങളിൽനിന്ന് മാറിനിൽക്കാൻ എന്നതാണ് ഖുർആന്റെ ശൈലി. സിവിലോ ക്രിമിനലോ ആത്മീയമോ ഭൗതികമോ ആയ ഏതു നിയമത്തെയും ഖുർആൻ ആത്യന്തികമായി ദൈവഭക്തിയുമായി ബന്ധിപ്പിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുകയോ അവനെ ഭയപ്പെടുകയോ അവന്റെ പ്രതിഫലം ആഗ്രഹിക്കുകയോ ചെയ്യാത്ത ഒരാളും ആത്മാർഥമായും സത്യസന്ധമായും നിയമത്തെ അനുസരിക്കുമെന്ന് ഖുർആൻ അംഗീകരിക്കുന്നില്ല. പക്ഷേ, അത്തരക്കാരും സാമൂഹികജീവിതത്തിലെ യാഥാർഥ്യങ്ങളായിരിക്കെ ചില വൻകുറ്റങ്ങൾക്ക് കടുത്ത ഭൗതികശിക്ഷയും ഖുർആൻ വിധിക്കുന്നുണ്ട്. ഇത്തരം ശിക്ഷാവിധികളുടെ ലക്ഷ്യം രണ്ടാണ്: ഒന്ന്, ശിക്ഷയുടെ കാഠിന്യം ഭയന്ന് കുറ്റവാസനയുള്ളവൻ പിന്തിരിയുക. രണ്ട്, കുറ്റവാളികളിൽനിന്ന് സമൂഹത്തിന് രക്ഷ ഉറപ്പുവരുത്തുക.

ഖുർആനിലെ നിയമങ്ങളെ മൂന്നായി തിരിക്കാം: ഒന്ന്, അനുഷ്ഠാനപരം. രണ്ട്, വ്യവഹാരപരം. മൂന്ന്, ശിക്ഷണപരം.



ഖുർആനിലെ നിയമങ്ങളെ മൂന്നായി തിരിക്കാം: ഒന്ന്, അനുഷ്ഠാനപരം. രണ്ട്, വ്യവഹാരപരം. മൂന്ന്, ശിക്ഷണപരം.

സമയബന്ധിത പ്രാർഥന (നമസ്കാരം), നിർബന്ധദാനം(സകാത്ത്), വ്രതം, തീർഥാടനം (ഹജ്ജ്) എന്നീ കർമങ്ങളെയും അനുബന്ധ ആരാധനകളെയും സംബന്ധിക്കുന്ന നിയമങ്ങളാണ് അനുഷ്ഠാനപരമെന്ന പട്ടികയിൽവരുന്നത്. ഈ നിയമങ്ങൾ പൂർണ ധാർമികബോധത്താൽ പ്രചോദിതരായി വിശ്വാസികൾ കണിശമായി പാലിച്ചിരിക്കണം എന്നതല്ലാതെ നിയമലംഘകർക്ക് ഭൗതികശിക്ഷകൾ ഖുർആൻ വിധിച്ചിട്ടില്ല.

"നമസ്കാരം നിലനിർത്തുക; നിശ്ചയം, നമസ്കാരം വിശ്വാസികൾക്ക് സമയബന്ധിത നിയമമാകുന്നു" (4:103), "ഞാൻ ജീവിച്ചിരിക്കുവോളം നമസ്കാരവും സകാത്തും നിർവഹിക്കണമെന്ന് അല്ലാഹു എന്നെ ഉപദേശിച്ചിരിക്കുന്നു" (19:31), "വിശ്വാസികളേ, നിങ്ങൾക്ക് വ്രതം നിയമമാക്കിയിരിക്കുന്നു; നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിയമമാക്കിയപോലെ. നിങ്ങൾ ദൈവഭ

cmyk

ക്തരാവേണ്ടതിന്" (2:183), "സാധിക്കുന്നവർ പുണ്യഭവനത്തിൽപോയി ഹജ്ജ് നിർവഹിക്കേണ്ടത് ജനങ്ങൾക്ക് അല്ലാഹുവിനോടുള്ള കടമയാകുന്നു" (3:97) എന്നീ സൂക്തങ്ങൾ ഉദാഹരണമാണ്.

ആരാധനാകർമങ്ങളുടെ ലക്ഷ്യം ആത്മശുദ്ധിയും ദൈവപ്രീതിയും മരണാനന്തരസൗഭാഗ്യവുമാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

വിവാഹം, സന്താനപരിപാലനം, ദത്തെടുക്കൽ, മാതാപിതാക്കളുടെ സംരക്ഷണം, വിവാഹമോചനം, വ്യാപാരം, കടം, ആഹാരം, വേഷം, പെരുമാറ്റം, മരണപത്രം, അനന്തരാവകാശം, യുദ്ധം, സന്ധി ഇത്യാദി വിഷയങ്ങളുമായി ബന്ധപ്പെട്ട ചിട്ടകളും വ്യവസ്ഥകളുമാണ് വ്യവഹാരങ്ങളുടെ പട്ടികയിൽവരുന്നത്.

"നിങ്ങളിലെ വിധവകൾക്കും (വിഭാര്യന്മാർക്കും) നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുക" (24:32), "മാതാക്കൾ മക്കൾക്ക് രണ്ടു വർഷം പൂർണമായി മുലകൊടുത്തിരിക്കണം" (2:233), "നിങ്ങളുടെ ദത്തുപുത്രന്മാരെ അല്ലാഹു നിങ്ങളുടെ യഥാർഥ പുത്രന്മാരാക്കിയിട്ടില്ല. അത് നിങ്ങളുടെ വെറും വിടുവായത്തം മാത്രമാകുന്നു. അല്ലാഹു സത്യം പറയുന്നു., അവൻ നേർവഴിക്ക് നയിക്കുകയും ചെയ്യുന്നു. ദത്തുപുത്രന്മാരെ നിങ്ങൾ അവരുമായി പിതാക്കളിലേക്ക് ചേർത്തുവിളിക്കുക. അതാണ് അല്ലാഹുവിന്റെ പക്കൽ ഏറ്റവും നീതിപരം" (33:4,5), "തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ മനുഷ്യനെ നാം ഉപദേശിച്ചു. ബലഹീനതയ്ക്കു മേൽ ബലഹീനതയുമായാണ് തന്റെ മാതാവ് അവനെ ഗർഭം ചുമന്നത്. അവന്റെ മുലകുടി നിർത്തുന്നതോ രണ്ട് വർഷങ്ങൾക്കകവും" (31:14).

"വിവാഹമോചനം രണ്ടു തവണയാവാം. പിന്നീട് നേരാംവണ്ണം (ഭാര്യയെ) പിടിച്ചുനിർത്തുകയോ അല്ലെങ്കിൽ മര്യാദയോടെ വിട്ടയക്കുകയോ വേണം" (2:224), "വിശ്വാസികളേ, നിങ്ങളുടെ ധനം പരസ്പരം അന്യായമായി നിങ്ങൾ തിന്നരുത്. അന്യോന്യം സംതൃപ്തിയോടെയുള്ള കച്ചവടം ആയിത്തീരുന്നത് ഒഴിച്ച്" (4:29), "വിശ്വാസികളേ, നിങ്ങൾ അന്യോന്യം നിശ്ചിത അവധിവരെ കടമിടപാട് നടത്തിയാൽ അത് രേഖപ്പെടുത്തണം. എഴുതാനറിയുന്ന ഒരുവൻ അത് നിങ്ങൾക്കിടയിൽ നീതിപൂർവം എഴുതിവയ്ക്കട്ടെ" (2:282).

"പ്രവാചകനേ, പറയുക. എനിക്കു ദിവ്യബോധനം ചെയ്യപ്പെട്ടതിൽ, തിന്നുന്ന ഒരാൾക്കും ഒരാഹാരവും നിഷിദ്ധമായിക്കൊണ്ട് കാണുന്നില്ല, അത് ശവമോ ഒഴുക്കപ്പെട്ട രക്തമോ പന്നിമാംസമോ ആയാലൊഴിച്ച്. എന്തുകൊണ്ടെന്നാൽ ഇതൊക്കെ മാലിന്യമാകുന്നു. അതല്ലെങ്കിൽ അല്ലാഹു അല്ലാത്തവർക്കു വേണ്ടി ബലിയറുത്ത അധാർമികാഹാരം ഒഴിച്ച്" (6:145), "ആദമിന്റെ മക്കളേ, നഗ്നത മറക്കാനുള്ള വസ്ത്രവും (അലങ്കാരത്തിനുള്ള) തൂവലും നിങ്ങൾക്ക് നാം ഇറക്കിത്തന്നു. എന്നാൽ, ഭക്തിയാവുന്ന വസ്ത്രമത്രെ ഉത്തമം" (7:26), "ആദമിന്റെ മക്കളേ, എല്ലാ ഓരോ ആരാധനാലയത്തിലെത്തുമ്പോഴും സുന്ദരമായ വേഷം ധരിക്കൂ" (7:31).

"വിശ്വാസികളേ, ഒരു വിഭാഗവും മറ്റൊരു വിഭാഗത്തെ പരിഹസിക്കരുത്. സ്ത്രീകൾ സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ഉത്തമരായിരിക്കാം. നിങ്ങൾ സ്വയം ആക്ഷേപിക്കരുത്. ചീത്ത പേരുകൾ വിളിക്കരുത്. വിശ്വാസത്തിനുശേഷം അധാർമികപേരുകൾ എത്ര മോശം. ചെയ്തുപോയ തെറ്റിൽ പശ്ചാത്തപിക്കാത്തവരത്രെ അക്രമികൾ" (49:11).

"നിങ്ങളിൽ ആർക്കെങ്കിലും മരണം ആസന്നമായാൽ, അയാൾ സ്വത്ത് വിട്ടേച്ചുപോവുന്നുവെങ്കിൽ, മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും ഒസ്യത്ത് എഴുതിവയ്ക്കുന്നത് നിർബന്ധമായിരിക്കുന്നു" (2:180), "മാതാപിതാക്കളും ബന്ധുക്കളും വിട്ടേച്ചുപോയതിൽ പുരുഷന്മാർക്ക് ഒരു ഓഹരിയുണ്ട്. ബന്ധുക്കളും മാതാപിതാക്കളും വിട്ടേച്ചുപോയതിൽ സ്ത്രീകൾക്കും ഓഹരിയുണ്ട്. -കുറഞ്ഞതോ കൂടിയതോ ആയ ഓഹരി. സുനിശ്ചിതമായ വിഹിതമായിട്ടുതന്നെ" (4:7), "യുദ്ധം നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു. അത് നിങ്ങൾക്ക് അനിഷ്ടകരമായിരിക്കെത്തന്നെ" (2:216), "അവർ സമാധാനസന്ധിക്ക് തയാറായാൽ താങ്കളും അതിന് തയാറാകുക. അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക"(8:61).



**മാനസിക സംസ്കരണത്തിലൂടെ വ്യക്തിത്വവികാസം, വ്യക്തിത്വവികാസത്തിലൂടെ സാമൂഹികപരിഷ്കാരം, സാമൂഹികപരിഷ്കാരത്തിലൂടെ രാഷ്ട്രസംവിധാനം എന്ന ക്രമമാണ് ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. ഈ പ്രക്രിയ വിജയിപ്പിക്കാൻ ആവശ്യമായ നിർദേശങ്ങളും നിയമങ്ങളും ഖുർആൻ പ്രതിപാദിച്ചപ്പോൾ അതിശക്തമായ ഊന്നൽനൽകിയത് നിയമങ്ങളുടെ ധാർമികപ്രചോദനത്തിനാണ്**

വ്യവഹാരസംബന്ധിയായ വിവിധ വിഷയങ്ങളിലെ ഖുർആനികാധ്യാപനങ്ങളുടെ ചില മാതൃകകളാണ് മുകളിലുദ്ധരിച്ചത്.

കൊലപാതകം, വ്യഭിചാരം, വ്യഭിചാരാരോപണം, മോഷണം, കൊള്ള, കലാപം എന്നീ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാവിധികളും ഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്:

"വിശ്വാസികളേ, കൊല്ലപ്പെട്ടവരുടെ കാര്യത്തിൽ പ്രതിക്രിയ നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു" (2:178).



cmyk

"വ്യഭിചാരിണിയായാലും വ്യഭിചാരിയായാലും ഓരോരുത്തരെയും നൂറടി വീതം അടിക്കുക" (24:2), "പതിവ്രതകളെക്കുറിച്ച് വ്യഭിചാരാരോപണം ഉന്നയിച്ച ശേഷം നാല് സാക്ഷികളെ ഹാജരാക്കാത്തവരെ നിങ്ങൾ എൺപതടി അടിക്കുക, അവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിക്കുകയുമരുത്. അവരത്രെ അധർമകാരികൾ" (24:4).

"മോഷ്ടാവ് ആണായാലും പെണ്ണായാലും അവരുടെ കൈകൾ നിങ്ങൾ ഛേദിച്ചുകളയുക. അവർ ചെയ്തതിന്റെ ശിക്ഷയായി, ദൈവത്തിൽനിന്നുള്ള പാഠമായും. അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു" (5:38).

"അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം പ്രഖ്യാപിക്കുകയും ഭൂമിയിൽ കലാപം സൃഷ്ടിക്കുകയും ചെയ്യുന്നവരുടെ ശിക്ഷ അവരെ വധിച്ചുകളയുകയോ കുരിശിലേറ്റുകയോ കൈകാലുകൾ എതിരെ ഛേദിച്ചുകളയുകയോ നാടുകടത്തപ്പെടുകയോ ആകുന്നു. അതവർക്ക് ഇഹലോകത്ത് അപമാനകരമാണ്; പരലോകത്ത് ഭീകരമായ ശിക്ഷയുണ്ട്" (5:33).

## ശിക്ഷാനിയമങ്ങളുടെ കാർക്കശ്യം

വിശുദ്ധഖുർആനിലെ ശിക്ഷാനിയമങ്ങൾ കർക്കശവും മനുഷ്യത്വരഹിതവുമാണെന്ന പരാതി പലരും ഉന്നയിച്ചിട്ടുണ്ട്. എന്നാൽ, കുറ്റകൃത്യങ്ങൾ പരമാവധി കുറഞ്ഞ സ്വസ്ഥമായ ഒരു സാമൂഹികജീവിതം ലക്ഷ്യംവയ്ക്കുന്ന ഖുർആൻ ശിക്ഷകളെ ലാഘവബുദ്ധിയോടെ കാണുന്നില്ലെന്നതാണ് ഇതിന്റെ മറുവശം. ബോധവത്കരണത്തിലൂടെ കുറ്റകൃത്യങ്ങളിൽനിന്ന് മാറിനിൽക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചശേഷം, ദാരിദ്ര്യം, അധാർമികത, അസാന്മാർഗികതപോലുള്ള കുറ്റകൃത്യങ്ങൾക്ക് വഴിയൊരുക്കുന്ന സാഹചര്യങ്ങളെ പൂർണമായും ഇല്ലാതാക്കുകയാണ് ഇസ്‌ലാം ആദ്യമായി ചെയ്യുന്നത്. എന്നാലും അപൂർവമായി കുറ്റകൃത്യങ്ങൾ നടക്കും. അതുപക്ഷേ സത്യസന്ധരായ സാക്ഷികൾ മുഖേന കോടതി മുമ്പാകെ തെളിഞ്ഞിരിക്കണം. വ്യഭിചാരക്കുറ്റമാണെങ്കിൽ നാല് ദൃക്സാക്ഷികൾ തന്നെ വേണം താനും. ഇപ്രകാരം തെളിഞ്ഞ കുറ്റങ്ങൾക്ക് കടുത്ത ശിക്ഷതന്നെ വിധിച്ചിരിക്കുന്നത് കുറ്റവാസനയുള്ളവരെ പിന്തിരിപ്പിക്കാനും സമൂഹത്തെ കുറ്റവാളികളിൽനിന്ന് രക്ഷിക്കാനും തന്നെയാണ്. പ്രവാചകന്റെയും പിൻഗാമികളുടെയും ഭരണകാലത്ത് മാത്രമല്ല, ഇക്കാലത്തും ഇസ്‌ലാമിക ശിക്ഷാവിധികൾ നിലവിലുള്ള സമൂഹങ്ങളിൽ കുറ്റകൃത്യങ്ങൾ താരതമ്യേന കുറയാൻ ഒരു പ്രധാന കാരണം ശിക്ഷാവിധികളുടെ കാർക്കശ്യമാണ്. ഇന്ത്യയിൽ ബലാത്സംഗത്തിന് വധശിക്ഷ ഏർപ്പെടുത്തണമെന്ന് ആഭ്യന്തരമന്ത്രി എൽ.കെ. അദ്വാനി പലപ്പോഴും നിർദേശിച്ചത് സ്മരണീയമാണ്.

അതേസമയം, നിയമം സ്വമേധയാ അനുസരിക്കാനും നടപ്പിൽവരുത്താനുമുള്ള അവബോധം വ്യക്തികളുടെ മാനസികസംസ്കരണത്തിലൂടെ സമൂഹത്തിൽ വളർത്തിയെടുത്ത ശേഷമേ ഖുർആൻ ശിക്ഷാവിധികൾ ഏർപ്പെടുത്തുകയുണ്ടായുള്ളൂ. കൊലപാതകത്തിന് വധശിക്ഷ ഏർപ്പെടുത്തുന്നതിനു മുമ്പ് മനുഷ്യജീവന്റെ പവിത്രത ഖുർആൻ ഊന്നിപ്പറഞ്ഞു: "അന്യായമായി ഒരു മനുഷ്യജീവൻ ആരെങ്കിലും അപഹരിച്ചാൽ അവൻ മനുഷ്യസമൂഹത്തെയാകെ കൊന്നുകളഞ്ഞതിനു തുല്യമാണ്" (5:32). വ്യഭിചാരത്തിന് ശിക്ഷ നിർണയിക്കുന്നതിനു മുമ്പ് അനിയന്ത്രിതമായ സ്ത്രീപുരുഷസമ്പർക്കം ഖുർആൻ തടഞ്ഞു. വേഷവും നടത്തവും നോട്ടവും സംസാരവും വരെ കാമോദ്ദീപകമാവരുതെന്ന് നിഷ്കർഷിച്ചു. അന്യഭവനങ്ങളിൽ അസമയങ്ങളിലും അനുവാദമില്ലാതെയും പ്രവേശിക്കരുതെന്ന് വിലക്കി. വിവാഹത്തെ ലളിതമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ദാരിദ്ര്യനിർമാർജനത്തിന്റെയും സാമൂഹികക്ഷേമത്തിന്റെയും നാനാവിധ നടപടികൾ പ്രഖ്യാപിച്ച ശേഷമാണ് മോഷ്ടാവിന് കരഛേദം ഖുർആൻ വിധിച്ചത്. രണ്ടാം ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്ത് മോഷണക്കുറ്റത്തിന് അറസ്റ്റുചെയ്യപ്പെട്ട പ്രതി, പട്ടിണിമൂലമാണ് താൻ ഈത്തപ്പഴം കട്ടുതിന്നതെന്ന് മൊഴിനൽകി. ക്ഷാമം പടർന്നുപിടിച്ച കാലമായിരുന്നു അത്. കുറ്റം സമ്മതിച്ചിട്ടും ഖലീഫ അയാളെ വിട്ടയക്കുകയായിരുന്നു.

## നിയമങ്ങളുടെ പ്രയോഗവത്കരണം

നിയമങ്ങളുടെ മൗലിക ശാസന മാത്രം നൽകിയ ഖുർആൻ അവയുടെ പ്രയോഗവത്കരണം പ്രവാചകന്റെ വിശദീകരണത്തിനും ശരീഅത്ത് (നിയമസംഹിത) പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾക്കുമായി വിട്ടുകൊടുക്കുകയായിരുന്നു. ഖുർആനിലും പ്രവാചകചര്യയിലുമായി രേഖപ്പെട്ട നിയമങ്ങളുടെ വ്യാഖ്യാനം തത്ത്വാധിഷ്ഠിതമായും കാലോചിതമായും നിർവഹിക്കാൻ 'ഇജ്തിഹാദി' (ഗവേഷണം)നെ നിയമനിർമാണത്തിന്റെ ആധികാരികാടിസ്ഥാനമായി ഇസ്‌ലാം അംഗീകരിച്ചിട്ടുണ്ട്. തദനുസൃതമായ നിയമപരിഷ്കാരങ്ങൾ ഖലീഫമാരുടെ ഭരണകാലത്തുടനീളം കാണാം. ഇന്നും ശരീഅത്ത്കോടതികൾ നിലവിലുള്ള രാജ്യങ്ങളിൽ ആനുകാലികപ്രശ്നങ്ങളിൽ ഇസ്‌ലാമികമായ തീർപ്പ് നിയമജ്ഞരുടെ വ്യാഖ്യാനങ്ങൾക്കു വിധേയമാണ്. ഉദാഹരണത്തിന് കിഡ്നി, കണ്ണ് പോലുള്ള അവയവങ്ങളുടെ വൈദ്യശാസ്ത്രപരമായ പറിച്ചുനടൽ മതദൃഷ്ട്യാ അനുവദനീയമാണ് എന്ന പണ്ഡിതവിധി, മനുഷ്യജീവന്റെ സംരക്ഷണത്തിന് വിശുദ്ധഖുർആൻ കൽപിച്ച പരമാവധി പ്രാധാന്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. പലിശമുക്തമായ ബാങ്കിംഗ്, ഇൻഷുറൻസ് പദ്ധതികളെക്കുറിച്ച ആധുനിക സാമ്പത്തികവിദഗ്ധരുടെ കാഴ്ചപ്പാടുകൾക്ക് ആധാരം പങ്കുകച്ചവടത്തെക്കുറിച്ച പ്രവാചകശാസനകളാണ്. അതുപോലെ ഖുർആൻ വ്യക്തമായ ശിക്ഷാവിധികൾ നൽകിയിട്ടില്ലാത്ത കുറ്റകൃത്യങ്ങളിൽ യുക്തമായ ശിക്ഷ വിധിക്കാൻ ഇസ്‌ലാമികകോടതിക്ക് അധികാരം നൽകപ്പെട്ടിരുന്നു. എന്നാൽ, ന്യായാധിപന്മാർ തികഞ്ഞ ദൈവഭക്തിയും നീതിബോധവും നിയമവൈദഗ്ധ്യവുമുള്ളവരായിരിക്കണമെന്നത് നിർബന്ധമാണ്. ഭരണാധികാരികൾപോലും നിയമത്തിന്റെ മുമ്പിൽ തുല്യരാണ്. "ഒരു ജനതയോടുള്ള വിദ്വേഷം അനീതി ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തിക്ക് ഏറ്റവും ഉചിതമായത്" (5:8), "ഓ,ദാവൂദ്, ഭൂമിയിൽ നാം താങ്കളെ ഭരണാധികാരിയാക്കിയിരിക്കുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ സത്യമായി വിധികൽപിക്കുക. തന്നിഷ്ടം പിന്തുടരരുത്" (38:26).

പ്രവാചകന്റെ കാലത്ത് മഖ്സൂം ഗോത്രത്തിലെ ഉന്നതകുലജാതയായ ഒരു സ്ത്രീയുടെ പേരിൽ മോഷണക്കുറ്റം തെളിഞ്ഞു. അവരുടെ കൈമുറിക്കുന്നത് പക്ഷേ പലർക്കും അസഹനീയമായിതോന്നി. വിധി ഇളവ് ചെയ്യണമെന്ന് പ്രവാചകനോട് ശിപാർശ ചെയ്യാൻ അവർ കണ്ടെത്തിയത് അദ്ദേഹത്തിന്റെ വീട്ടിൽതന്നെ വളർന്ന ഉസാമാ ബിൻ സൈദിനെയാണ്. ചെറുപ്പക്കാരനായ ഉസാമ പ്രത്യാഘാതം ഓർക്കാതെ പ്രവാചകന്റെ സന്നിധിയിലെത്തി പ്രമുഖരുടെ ആവശ്യം അറിയിച്ചു. രോഷംകൊണ്ട് മുഖം തുടുത്ത പ്രവാചകൻ പള്ളിയിൽ ശിഷ്യന്മാരെ വിളിച്ചുചേർത്ത ശേഷം പ്രസംഗപീഠത്തിൽ കയറി പ്രഖ്യാപിച്ചതിങ്ങനെ: "മോഷണക്കുറ്റം ചെയ്ത സ്ത്രീയുടെ കാര്യത്തിൽ നിങ്ങളുടെ ശിപാർശ ഞാനറിഞ്ഞു. എന്നാൽ, ഓർത്തുകൊള്ളണം. നിങ്ങളുടെ പൂർവികസമുദായങ്ങളെ നശിപ്പിച്ചത് ഈ സമീപനമാണ്. അവരിൽ പ്രമാണിമാർ തെറ്റു ചെയ്താൽ വെറുതെ വിടും, പാവങ്ങൾ തെറ്റു ചെയ്താൽ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹുവിൽ സത്യം ചെയ്ത് ഞാൻ പറയുന്നു; മുഹമ്മദിന്റെ മകൾ ഫാത്വിമ തന്നെ മോഷ്ടിച്ചാലും ഞാനവളുടെ കൈമുറിക്കുകതന്നെ ചെയ്യും" (അഹ്മദ്, മുസ്‌ലിം, നസാഈ).

■